(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.എൽ.എഫ്.ഇ.(ബി.പി.3)493/2015

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ എറണാകുളം ജില്ലാ കാര്യാലയം

ഫോൺ : 0484 - 2422271 email : lfadekm@gmail.com

തീയതി : 07.04.2015 / 16.06.2015

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറവൂർ ബ്ലോക്ക്പഞ്ചായത്ത് 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക്പഞ്ചായത്ത് 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റൻറ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം

3) കാര്യാലയ പകർപ്പ്

നം.എൽ.എഫ്.ഇ.(ബി.പി.3)493/2015

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ എറണാകുളം ജില്ലാ കാര്യാലയം

ഫോൺ : 0484 - 2422271 email : lfadekm@gmail.com

തീയതി : 07.04.2015 / 16.06.2015

## എറണാകുളംജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ് ചെയ്തു. പഞ്ചായത്ത് 18-2-2013 മുതൽ 16-03-15 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.ജെ.ജോയ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.03.2015 മുതൽ 21.03.2015 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീമതി.സൗദാമിനി.പി.വി. | ഓഡിറ്റ് ഓഫിസർ(ഹ.ഗ്രേ) |
| | | ശ്രീ.ജോൺസൺ.ടി.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സജീവ്.എൻ.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| **പ്രസിഡന്റ്** | : | ശ്രീമതി. ശ്രീരഞ്ജിനി വിശ്വനാഥൻ | 01.04.2013 മുതൽ 30.12.2013 വരെ |
| | | ശ്രീമതി. രമാ ശിവശങ്കരൻ | 31.12.2013 മുതൽ 31.03.2014 വരെ |
| **സെക്രട്ടറി** | : | ശ്രീമതി. എസ്. ശുഭ | 01.04.2013 മുതൽ 31.03.2014. വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി.അമ്മിണി. | 01.04.2013 മുതൽ 31.03.2014 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.ശിവദാസ്.എം.ജി. | 01.04.2013 മുതൽ 31.03.2014 വരെ |
| കൃഷി വികസന ഓഫീസർ | ശ്രീമതി.ലിൻസി സേവ്യർ<br>ശ്രീ.സുരേഷ് രാജു. | 01.04.2013 മുതൽ 21.02.2014 വരെ 22.02.2014 മുതൽ 31.03.2014 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ഫ്രാൻസിസ്.സെബാസ്റ്റ്യൻ<br>ശ്രീ.രാജേഷ്.എസ്.ഡി. | 01.04.2013 മുതൽ 09.07.2013വരെ 10.07.2013 മുതൽ 31.03.2014 വരെ |
| എസ്.സി.ഡി.ഒ | ശ്രീ.ഷാജഹാൻ | 01.04.2013 മുതൽ 31.03.2014 വരെ |

| | | |
|---|---|---|
| ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജയന്തി | 01.04.2013 മുതൽ 31.03.2014 വരെ |
| മെഡിക്കൽ ഓഫീസർ | ശ്രീമതി.ഡോ.ശ്രീലതദേവി | 01.04.2013 മുതൽ 31.03.14 വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം - 1** | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം | 1-5 | |
| 6 | തനത് വരുമാനം | 1-6 | |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |
| | **ഭാഗം - 2** | | |
| 9 | വരവ് ഇനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ - ഇല്ല | | |
| | **ഭാഗം - 3** | | |
| 10 | അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചത് | 3-1 | |
| 11 | മരുന്ന് വാങ്ങൽ - സമയബന്ധിതമായി മരുന്ന് ലഭിച്ചില്ല | 3-2 | |
| 12 | നിഷ്ക്രിയാസ്തി - ലഘു അവലോകനം | 3-3 | |
| | **ഭാഗം - 4** | | |
| 13 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 14 | ഡെപ്പോസിറ്റ് വർക്കിന് നൽകിയതുകയുടെ വിവരം | 4-2 | |
| 15 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 16 | സ്ഥിരനിക്ഷേപങ്ങൾ | 4-4 | |

| | | | |
|---|---|---|---|
| 17 | ഓഡിറ്റ് റിക്കവറി | 4–5 | |
| 18 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4–6 | |
| 19 | ഓഡിറ്റ് പ്രത്യവലോകനം | 4–7 | |
| 20 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4–8 | |
| 21 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം – 1

# പൊതു അവലോകനം

## ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1–1 ബജറ്റ്

2013–14വർഷത്തെ ബജറ്റ് 27–03–13–ലെ 1–ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1–2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31–07–2014 | 13–06–2014 |

## 1–3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,61,97,605 |
| വരവ് | 6,41,47,063 |
| ആകെ | 9,03,44,668 |
| ചെലവ് | 5,70,70,310 |
| നീക്കിയിരിപ്പ് | 3,32,74,358 |

## 1–4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1863090 | 17031000 | 18894090 | 17687277 | 1206813 | 93.61 |
| വികസനഫണ്ട് എസ്.സി.പി. | 684005 | 7475000 | 8159005 | 5981542 | 2177463 | 73.31 |
| വികസനഫണ്ട് ടി.എസ്.പി. | 565625 | 371000 | 936625 | 190000 | 746625 | 20.28 |
| സംരക്ഷണഗ്രാന്റ് റോഡ് | | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 714888 | 2023000 | 2737888 | 1816698 | 921190 | 66.35 |

## 1–5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 74 | 69415223 | 67 | 25675517 | – | 7 | 90.54 |

## 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 40.10ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | - | - | - | - |
| മറ്റുവരവുകൾ | 41424 | 98858 | 57434 | 138.65 |
| ആകെ | 41424 | 98858 | 57434 | 138.65 |

## 1-7 ആഭ്യന്തരനിയന്ത്രണം.

രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. എത്ര രസീത്ബുക്കുകൾ സ്റ്റോക്കിൽ വരവ് വെച്ചുവെന്നും എത്ര എണ്ണം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നും കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഭൗതിക പരിശോധനയിൽ ബുക്ക് നമ്പർ കൃത്യമായി പ്രിന്റ് ചെയ്ത രസീത്ബുക്കുകളല്ല ഉപയോഗിക്കുന്നത്. രസീത്ബുക്കുകൾ നിയമാനുസൃത രീതിയിൽ സ്റ്റോക്കിലെടുത്ത് കൃത്യമായി ഉപയോഗിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-06-2014 | 2013-14 | 07-10-2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | - | - |

# <u>ഭാഗം - 2</u>

# <u>വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

ഇല്ല

## ഭാഗം – 3

## ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 0.40mmഅലുമിനിയം ഷീറ്റ് (Corrugated) ഉപയോഗിച്ചുള്ള റൂഫിങ്ങ് - അധികനിരക്ക് അനുവദിച്ചു

പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ 2013-14 വർഷം നടപ്പാക്കിയ വിവിധ വേലകളിൽ "0.40mmഅലുമിനിയം ഷീറ്റ് (Corrugated) ഉപയോഗിച്ചുള്ള റൂഫിങ്ങ് " പ്രവർത്തികൾക്ക് അധികം നിരക്ക് അനുവദിച്ചിട്ടുണ്ട്. 0.40mmഅലുമിനിയം (Corrugated) ഷീറ്റിന്റെ വില 2012ലെ ഷെഡ്യൂൾ നിരക്കിൽ ഇല്ലാത്തതിനാൽ മാർക്കറ്റ് നിരക്കാണ് (Rs.230/kg)അനുവദിച്ചിരിക്കുന്നത്. 0.40mmഅലുമിനിയം (Corrugated) ഷീറ്റിന് 1.73kg/m2 തൂക്കമാണ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഇതേ കാലയളവിൽ എറണാകുളം ജില്ലാ പഞ്ചായത്ത് തയ്യാറാക്കായിരിക്കുന്ന ഡാറ്റാ പ്രകാരം 0.63mmഅലുമിനിയം (Corrugated) ഷീറ്റിനാണ് 1.73kg/m2 കണക്കാക്കിയിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 0.40mm അലുമിനിയം (corrugated ) ഷീറ്റിന്റെ തൂക്കം 1.23kg/1m2 ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിപണിയിൽ ലഭ്യമായ വിവരങ്ങളനുസരിച്ചും ഇത് അംഗീകരിക്കാവുന്നതാണ്. ഈ വ്യാപാര മേഖലയിലെ പ്രമുഖ സ്ഥാപനമായ ഹിന്റാൽകോ കമ്പനിയുടെ വിവിധ കനത്തിലുള്ള അലുമിനിയം (Corrugated) ഷീറ്റിന്റെ 1m2 ന്റെ തൂക്കം താഴെ ചേർക്കുന്നു.(അവലംബം www.hindalco.com).

0.35mm 1.07kg/1m2

0.45mm 1.38kg/1m2

0.55mm 1.68kg/1m2

0.65mm 1.98kg/1m2

മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 0.40mm ന്റെ തൂക്കം, 0.35mm ന്റെയും 0.45mm ന്റെയും ശരാശരിയായ 1.23kg/1m2 എന്ന് കണക്കാക്കാവുന്നതാണ്. ഷെഡ്യൂൾ നിരക്കിൽ ഇല്ലാത്തതിനാലും മാർക്കറ്റ് നിരക്ക് (Rs.230/kg) അനുവദിച്ചിരിക്കുന്നതിനാലും വിപണിയിൽ ലഭ്യമായ ഉല്പന്നത്തിന്റെ തൂക്കവും(1.23kg/1m2) ജില്ലാ പഞ്ചായത്ത് അനുവദിച്ച വിപണിവിലയും(Rs. 230/1m2)പ്രകാരം താഴെ പറയുന്ന നിരക്കാണ് അംഗീകരിക്കാവുന്നത്.

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| 10m2ന് ആവശ്യമായ ഷീറ്റ്(11.50m2) | | |
| 11.50 x 1.23kg/m2=14.15@Rs.264.5/kg (with CP) | 3742.68 | |
| 11.50 x 1.73kg/m2=19.90@Rs.264.5/kg ( „ ) | | 5263.55 |
| GI ഹുക്ക്/ബോൾട്ട് | 133.65 | 133.65 |
| 1.35കാർപ്പന്റർ | 675.00 | 675.00 |
| 1.35 പുരുഷൻ | 508.95 | 508.95 |
| കടത്ത്കൂലി(Rs.187.20/ടൺ)14.15 x 0.1872 | 2.65 | |
| 19.90 x 0.1872 | | 3.73 |
| ആകെ | 5062.93 | 6584.88 |
| CP+OH | 198.20 | 198.20 |
| | 5261.13 | 6783.08 |

**വ്യത്യാസം 6783.08-5261.13 = 1522രൂപ**

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 1.73/1m2 എന്നത് 1.23/1m2 എന്നാക്കി കുറച്ച് , അനുവദിച്ച നിരക്ക് കുറയാതിരിക്കാൻ വിപണി വില 230/- ൽ നിന്നും 324/- രൂപയാക്കി കൂട്ടിയാണ് കാണിച്ചിരിക്കുന്നത്. വിപണിയിൽ ലഭ്യമായ വിവരങ്ങൾ പ്രകാരവും ജില്ലാ പഞ്ചായത്ത് അനുവദിച്ച വിപണിവിലയും പ്രകാരം 230രൂപ/1m2 ആണ് അനുവദനീയം. ആയതിനാൽ അസ്സി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല.

**<u>അധികം അനുവദിച്ച തുക</u>**

1) **<u>കൂനമ്മാവ് ഗവ.ഹോസ്പിറ്റൽ മെയിന്റനൻസ്</u>**

പ്രോജക്റ്റ് നമ്പർ. എസ് ഒ.060/14

കരാറുകാരൻ പി.ജെ.പൗലോസ്

അളവു പുസ്തകം 14,16/13-14

ചെലവ് വിവരം 384177.00 (ബിൽ നമ്പർ.9/13-14 തിയതി 31.03.14)

അളവു പുസ്തകം 16/13-14,പേജ് 7 പ്രകാരം

“0.40mmഅലുമിനിയം ഷീറ്റ് (Corrugated) ഉപയോഗിച്ചുള്ള റൂഫിങ്ങ് " - 106.26m2

അധികം അനുവദിച്ച തുക - 106.26 x 1522.00/10m2 = <u>16173.00</u>

2) **<u>ഏഴിക്കര CHCമെയിന്റനൻസ്</u>**

പ്രോജക്റ്റ് നമ്പർ. എസ് ഒ.059/14

കരാറുകാരൻ ടി.ജി.സുരേഷ്

അളവു പുസ്തകം 7,8/13-14

ചെലവ് വിവരം 422627.00(ബിൽ നമ്പർ.5/13-14 തിയതി 20.03.14)

അളവു പുസ്തകം 8/13-14,പേജ് 21പ്രകാരം

“0.40mmഅലുമിനിയം ഷീറ്റ് (Corrugated) ഉപയോഗിച്ചുള്ള റൂഫിങ്ങ് " - 18.62m2

അധികം അനുവദിച്ച തുക - 18.62 x 1522.00/10m2 = 2834.00

(-)ടെന്ററർ കുറവ് - 4% 113.00

2721.00

3) **ഏഴിക്കര CHC കോർട്ടേഴ്സ് മെയിന്റനൻസ്**

പ്രോജക്റ്റ് നമ്പർ. എസ് ഒ.070/14

കരാറുകാരൻ വി.ബി.ജയപാലൻ

അളവു പസ്തകം 17/12-13,01/13-14

ചെലവ് വിവരം 369977.00(ബിൽ നമ്പർ.1/13-14 തിയതി 13.08.13)

അളവു പസ്തകം 1/13-14,പേജ് 33പ്രകാരം

“0.40mmഅലുമിനിയം ഷീറ്റ് (Corrugated) ഉപയോഗിച്ചുള്ള റൂഫിങ്ങ് " - 80.00m2

അധികം അനുവദിച്ച തുക - 80.00 x 1522.00/10m2 = 12176.00

അധികം അനുവദിച്ച (16173+2721+12176) 31,070/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 മരുന്ന് വാങ്ങൽ - സമയബന്ധിതമായി മരുന്ന് ലഭിച്ചില്ല

പദ്ധതി നം : S0064/14
പദ്ധതി : മരുന്ന് വാങ്ങൽ
പദ്ധതി അടങ്കൽ : 404600
നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫിസർ,ഏഴിക്കര സി.എച്ച്.സി.
തുക നല്കിയ വിവരം : ബിൽ നം:7/13-14 തുക-404600/- രൂപ

2013-14 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫിസർ,ഏഴിക്കര സി.എച്ച്.സി നടപ്പാക്കിയ മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 404600/- രൂപയ്ക്ക് സി.എച്ച്.സി. ഏഴിക്കര, പി.എച്ച്.സി.കൂനമ്മാവ്,പി.എച്ച്.സി.മൂത്തകുന്നം എന്നിവയ്ക്ക് മരുന്ന് വാങ്ങുന്നതിന് നല്കിയ തുകയ്ക്ക് മുഴുവൻ മരുന്ന് ലഭിച്ചില്ല.വിശദ വിവരം താഴെ ചേർക്കുന്നു .

| സ്ഥാപനം | മരുന്നിന് നല്കിയ തുക | മരുന്ന് ലഭിച്ചത് | ബാക്കി ലഭിക്കാനുള്ളത്. |
|---|---|---|---|
| സി.എച്ച്.സി. ഏഴിക്കര | 135000 രൂപ | 124720രൂപ | 10280രൂപ |
| പി.എച്ച്.സി.കൂനമ്മാവ് | 134800 രൂപ | 104193രൂപ | 30607രൂപ |

| | | | |
|---|---|---|---|
| പി.എച്ച്.സി.മൂത്തകുന്നം | 134800 രൂപ | 113362രൂപ | 21438രൂപ |
| ആകെ | 404600രൂപ | 342275 രൂപ | 62325 രൂപ |

നാളിതുവരെ 62325/- രൂപയുടെ അവശ്യ മരുന്നുകൾ ലഭിക്കാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നൽകിയ മുഴവൻ തുകയ്ക്കും, സമയബന്ധിതമായി മരുന്ന് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### 3-3 നിഷ്ക്രിയാസ്തി - ലഘു അവലോകനം

**പകൽവീട്**

പറവൂർ ബ്ലോക്ക് പഞ്ചായത്ത് 2007-08 മുതൽ 2012 - 13 വരെ 10,36,646 രൂപ ചെലവാക്കി വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ചതാണ് പകൽവീട്. കെട്ടിട നിർമ്മാണം പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞെങ്കിലും നിലവിൽ പകൽവീട് പ്രവർത്തിക്കുന്നില്ല. നിർമ്മാണം പൂർത്തിയായ സമയത്ത് ഇതിന്റെ പ്രവർത്തനം ആരംഭിച്ചെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തമൂലം ഗുണഭോക്താക്കളുടെ വരവ് നിലക്കുകയായിരുന്നു. ഓഡിറ്റ് തിയതിയിലും ഈ കെട്ടിടത്തിൽ കുടിവെള്ളകണക്ഷൻ ലഭിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് പ്രാഥമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ദൃശ്യമാധ്യമ വിനോദത്തിനുമുള്ള സൗകര്യമൊരുക്കി പകൽവീട് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. പ്രായം ചെന്നവരും നിരാലംബരുമായവർക്ക് ആശ്രയമാകേണ്ട പകൽവീടിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ ഭരണസമിതി പ്രത്യേകതാല്പര്യം കാണിക്കേണ്ടതാണ്.

## ഭാഗം 4

## ഓഡിറ്റ് പ്രത്യവലോകനം

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4–2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4–3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4–4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4–5 ഓഡിറ്റ് റിക്കവറി

ഇല്ല

## 4–6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4–7 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,41,47,063 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,70,70,310 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31,070 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,325 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-(1) | | 31,070 | ശ്രീ രാജേഷ്. എസ്.ഡി., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(2) | 62,325 | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി.ഏഴിക്കര. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം** :- ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ** :- ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാജേഷ് .എസ്.ഡി., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പറവൂർ ബ്ലോക്ക് പഞ്ചായത്ത് | ശ്രീ രാജേഷ് .എസ്.ഡി. സ്വപ്നം, ക്ലണിത്തറ (പി.ഒ.) വൈറ്റില,എറണാകുളം - 682317 |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 | |
| 1998-99 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 | |
| 1999-00 | എൽ.എഫ്.ഇ(സി.4)1860/11-18-10-11 | |

| | | |
|---|---|---|
| 2000–01 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2001–02 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2002–03 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2003–04 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2004–05 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2005–06 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2006–07 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2007–08 | എൽ.എഫ്.ഇ(സി.4)1860/11–18–10–11 | |
| 2008–09 | എൽ.എഫ്.ഇ(സി.1)311/12 08–03–12/15–03–12 | |
| 2009–10 | എൽ.എഫ്.ഇ(സി.1)311/12 08–03–12/15–03–12 | |
| 2010–11, 2011–12 | എൽ.എഫ്.ഇ(ബി.പി)292/13 16–03–13/08–04–13 | |
| 2012–13 | എൽ.എഫ്.ഇ(ബി.പി1)2003/13 28–11–2013/09–12–13 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, എറണാകുളം ജില്ല

# ഓഡിറ്റ് സർട്ടിഫിക്കറ്റ്
(2013–14)

1994–ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4–ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)–ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ്സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2013–14 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4-ലെ 4-7 ബി ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ളതുപോലെ 31,070/- രൂപയുടെ ചെലവ് നഷ്ടവും 62,325 /- രൂപയുടെ തടസ്സപ്പെടുത്തലും ഒഴിച്ചാൽ, എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14 വർഷത്തെ വരവു ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 215-ാം വകുപ്പും 2003 ജൂൺ 12 ലെ 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, എറണാകുളം ജില്ല